# നീര ചെത്തിന്റെ പ്രചാരണവും പോരാട്ടവുമായി പാപ്പച്ചൻ

**പേരാമ്പ്ര:** നീര ചെത്താനുള്ള അവകാശം കർഷകർക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഭരണ-പ്രതിപക്ഷ നേതാക്കൾക്ക് നിരന്തരം കത്തയച്ചുകൊണ്ടിരുന്ന ചക്കിട്ടപാറ കുനംതടം പാപ്പച്ചൻ തന്റെ കടയിൽ വന്നവർക്കെല്ലാം നീര രുചിച്ചു നോക്കാൻ നല്കി.

കഴിഞ്ഞ ദിവസം കൊച്ചി നാളികേര വികസന ബോർഡ് ഓഫീസിൽ നിന്ന് കിട്ടിയ രണ്ട് സാമ്പിൾ ബോട്ടിലുകളിലെ നീരയാണ് നാട്ടുകാർക്ക് തുള്ളി തുള്ളിയായി നല്കിയത്. കർഷക കോൺഗ്രസ് കോഴിക്കോട് ജില്ലാ വൈസ് പ്രസിഡന്റായ പാപ്പച്ചൻ കർഷകനും ചക്കിട്ടപാറയിലെ റബർ വ്യാപാരിയുമാണ്.

മുഖ്യമന്ത്രി ഉമ്മൻചാണ്ടി, വകുപ്പ് മന്ത്രിമാർ, പ്രതിപക്ഷ നേതാവ് വി.എസ്.അച്യുതാനന്ദൻ, കേന്ദ്ര മന്ത്രിയായിരുന്ന എ.കെ.ആന്റണി എന്നിവർക്കെല്ലാം കർഷകരുടെ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി വസ്തുതാപരമായ കണക്കുകൾ നിരത്തി കത്തയച്ചുകൊണ്ടിരിക്കുകയായിരുന്നു.

നീര ഉത്പാദിപ്പിക്കാൻ കർഷകർക്ക് അനുവാദം കൊടുത്ത ഉത്തരവിന്റെ പകർപ്പ് ഫ്ളക്സ് ബോർഡിൽ തയ്യാറാക്കി പാപ്പച്ചൻ തന്റെ കടയിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.



പാപ്പച്ചൻ

കടയിലെത്തുന്നവരെയെല്ലാം താനയച്ച കത്തുകളുടെ പകർപ്പ് കാണിച്ചുകൊടുത്തുകൊണ്ട് അഭിമാനത്തോടെ പറയും മുഖ്യമന്ത്രി ഉമ്മൻചാണ്ടിയാണ് കർഷകരുടെ രക്ഷകനെന്ന്.

കോട്ടയത്ത് മാസങ്ങൾക്ക് മുമ്പ് നടന്ന നീര ഉത്പാദന പ്രഖ്യാപന പരിപാടിയിൽ പങ്കെടുത്ത പാപ്പച്ചൻ ഇതിന് വേണ്ടി ജില്ലയിൽ നടന്ന സമരങ്ങളിലെല്ലാം ഭാഗഭാക്കായി.

കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ഇതിവൃത്തമാക്കി ഒട്ടേറെ കവിതകളും ഇദ്ദേഹം രചിച്ചിട്ടുണ്ട്. കവിതാ രൂപത്തിലുള്ള കത്തുകളും പാപ്പച്ചൻ ഭരണ-പ്രതിപക്ഷ നേതാക്കൾക്കും മേൽ ഉദ്യോഗസ്ഥർക്കും അയച്ചിട്ടുണ്ട്. ഇതിനെല്ലാം കൃത്യമായ മറുപടിയും ഇവരിൽ നിന്ന് ലഭിച്ചിട്ടുണ്ട്. കർഷകർ, വൃദ്ധർ, ആലംബഹീനർ എന്നിവരുടെയെല്ലാം ക്ലേശങ്ങൾ പരിഹരിക്കുന്നതിന് മതിയായ പരിഗണനയും ശ്രദ്ധയും സർക്കാർ പുലർത്തണമെന്നാണ് കത്തിന്റെയെല്ലാം ഉള്ളടക്കം.